# അസോസിയേഷൻ ഡേ

# മലയാണ്മ 2023-24

11.12.2023 കാലത്ത് 10 മണിക്ക് മലയാണ്മ അസോസിയേഷൻ ഡേ പരിപാടികൾ ആരംഭിച്ചു.അധ്യക്ഷ സ്ഥാനം വഹിച്ചത് മലയാളം വിഭാഗത്തിലെ അസോസിയേഷൻ സെക്രട്ടറിയായ വിദ്യയാണ്. മൂന്നാം വർഷ വിദ്യാർത്ഥിനിയായ വർഷയുടെ സ്വാഗതത്തോടുകൂടി പരിപാടിക്ക് തുടക്കം കുറിച്ചു. മലയാളം വിഭാഗം മേധാവി ഡോ. അഞ്ജന വി. ആർ., കോളേജ് യൂണിയൻ പ്രതിനിധി അയന രവി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഫിസിക്സ് വിഭാഗത്തിലെ അധ്യാപകനായ അജീഷ് പി വി ആയിരുന്നു മുഖ്യ അതിഥി. ആകർഷണീയവും ശാസ്ത്രപരവുമായ ചിത്രങ്ങളിലൂടെ വിദ്യാർത്ഥികളുടെ ഇടയിലേക്ക് ശാസ്ത്രത്തെ കുറിച്ച് കൂടുതൽ അറിവുകൾ പകർന്നു തന്നു. കുട്ടികളുടെ ചെറിയ സംശയങ്ങൾക്കുപോലും ക്ഷമയോടെ മറുപടി പറഞ്ഞ് ശാസ്ത്രത്തെ ജീവിതത്തിലേയ്ക്ക് ചേർത്ത് വയ്ക്കുവാനുള്ള പ്രചോദനം നൽകി.

ഈ വർഷ കാലയളവിൽ ഡിപ്പാർട്ട്മെന്റിൽനിന്നും കായികപരമായി മികവ് പുലർത്തിയ വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചടങ്ങായിരുന്നു അടുത്തത്. മൂന്നാം വർഷ വിദ്യാർത്ഥികളായ അശ്വമിത്ര, ചൈതന്യ,നികേഷ് എന്നിവരെ അസോസിയേഷൻ ആദരിച്ചു. മലയാള വിഭാഗത്തിലെ ഒന്നാംവർഷ വിദ്യാർഥിനിയായ ശ്രുതി ആണ് നന്ദി പറഞ്ഞത്. ഉച്ചഭക്ഷണത്തിനുശേഷം കലാപരിപാടികളായിരുന്നു. വിദ്യാർഥികളും അധ്യാപകരും ഒന്നിച്ചുള്ള ഒരു ദിനം ഏറെ ആഹ്ലാദ പരമായി മാറ്റിയിരുന്നു. വൈകുന്നേരം നാലുമണിയോടെ അസോസിയേഷൻ ഡേ അവസാനിച്ചു.

………………………………………………………………………………………………………………..